ബില്ലിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട മെമ്പറന്മാർ നേരിട്ടുവച്ചിട്ടുള്ള ഈ ബില്ലിനു് അനുയോജ്യമായ ഭേദഗതികളും തുറന്ന മനസ്സോടുകൂടി സ്വീകരിക്കുകയും, അധികാരവികേന്ദ്രീകരണം നടപ്പാക്കാൻ മെമ്പർമാർക്കുള്ള ഉൽക്കണ്ഠ മനസ്സിലാക്കിക്കൊണ്ടു്, അതിനേക്കാൾ കൂടുതൽ ഉൽക്കണ്ഠയുള്ള, അധികാരം ജനങ്ങളിലേക്കു് പകർന്നു കൊടുക്കണമെന്നു് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെന്നുള്ള നിലയിൽ ഈ ബിൽ കഴിവതുംവേഗം പാസ്സാക്കാനുള്ള എല്ലാ സഹായസഹകരണങ്ങളും എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുകയും ചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഈ ബില്ല സംബന്ധിച്ചുള്ള പൊതു ചർച്ച അവസാനിച്ചിരിക്കുകയാണു്.

(iii) The Kerala Land Reforms (Amendment) Bill, 1968

Mr. Speaker: Now we pass on to the discussion on the Kerala Land Reforms (Amendment) Bill, 1968.

Revenue Minister (**Smt K. R. Gouri**) : Sir, I move that the Kerala Land Reforms (Amendment) Bill, 1968 as reported by the Select Committee be taken into consideration.

Transport Minister (**Shri. E. K. Imbichi Bava**) : Sir, I second it.

ശ്രീമതി കെ. ആർ. ഗൗരി : സർ, കാർഷികപരിഷ്ക്കരണഭേദഗതി നിയമം ഈ നിയമസഭയിൽ ആദ്യം അവതരിപ്പിച്ചതു് 1968 ആഗസ്റ്റു് 19–ാംതീയതിയാണു്. ഏതാണ്ടു് ഒരുകൊല്ലത്തിനുമുമ്പാണു് select കമ്മിറ്റി റിപ്പോർട്ടു് താമസിക്കുന്നതിനെ സംബന്ധിച്ചു്, ഈ നിയമം പാസ്സാക്കാത്തതിനു്, ഈ നിയമസഭയുടെ എല്ലാ ഭാഗത്തുനിന്നും, നിയമസഭയുടെ പുറത്തു് കർഷകസംഘടനകളും, പാർട്ടികളും വിമർശനങ്ങളും സമരങ്ങളുംതന്നെ ഉണ്ടായിട്ടുണ്ടു്. റിപ്പോർട്ടു് താമസിക്കാനുണ്ടായിരുന്നതിന്റെ കാരണങ്ങളെ സംബന്ധിച്ചു് ഞാൻ അവസാനമായി സംസാരിക്കുന്നതാണു്. ഇതു് നിയമസഭയിൽ അവതരിപ്പിച്ചുകഴിഞ്ഞതിനുശേഷം ആഗസ്റ്റു് 30–ാം തീയതിയാണു് ചർച്ച ചെയ്തു് ഈ നിയമം സെലക്ടു് കമ്മിറ്റിക്കു വിട്ടതു്. സെലക്ടു് കമ്മിറ്റി ഏതാണ്ടു് 37 പ്രാവശ്യം കൂടിയിട്ടുണ്ടു്. അതിൽ 10 പ്രാവശ്യം ജില്ലാ തലസ്ഥാനങ്ങളിൽ ഇതേപ്പറ്റി തെളിവെടുക്കുന്നതിനുവേണ്ടിയാണു് ഉപയോഗിച്ചതു്. മറ്റു ദിവസങ്ങളിലാണു് ഇതിന്റെ വകുപ്പുകളും, ഇന്നത്തെ ഭേദഗതി നിയമത്തിലുള്ള വകുപ്പുകളും അതുപോലെ കാർഷികബന്ധപരിഷ്ക്കരണ നിയമത്തിലുള്ള വകുപ്പുകളും പരിശോധിച്ചു് അതിന്റെ റിപ്പോർട്ടു തയ്യാറാക്കിയതു്. റിപ്പോർട്ടിനു് ഭേദഗതികളും എന്ന നിലയിൽ ചില കമ്മിറ്റി അംഗങ്ങളും തന്നിട്ടുള്ള dissenting Notes ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ടു്. ഈ നിയമത്തിൽ സെലക്ടു് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ഭേദഗതികളെ സംബന്ധിച്ചു് പ്രധാനമായിട്ടുള്ളവയെപ്പറ്റി ഞാനിവിടെ പ്രതിപാദിയ്ക്കാം. ഓരോ വകുപ്പിനും ഇന്നതെന്നല്ല-പ്രധാനവശങ്ങളെ സംബന്ധിച്ചു്-ഈ നിയമം അവതരിപ്പിച്ചുകൊണ്ടു് ഞാൻ അന്നു സംസാരിച്ചപ്പോഴും പറഞ്ഞു, കുടികിടപ്പുകാരന്റെ അവകാശങ്ങളെ സംബന്ധിച്ചു് കുടികിടപ്പുകാരൻ അവൻ താമസിക്കുന്നതായ ഭൂമി അവനു് സ്വന്തമായി കിട്ടുന്നതിനുവേണ്ടി ഉപകരിക്കത്തക്കവിധത്തിലുള്ള നിയമനിർമ്മാണമായിരിക്കണം ഇതെന്നു് ഗവണ്മെന്റിനു് ആഗ്രഹമുള്ളതുകൊണ്ടാണു് ഈ നിയത്തിൽ ഇതിനുതകത്തക്കവിധത്തിൽ കുടികിടപ്പുകാരനു് റീഹാബിലിറ്റേഷൻ ഫണ്ടായി ഒരുകോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും അവ ഉപയോഗിക്കുന്നതിനു് അതിന്റെ details select committe പരിശോധനയിൽ, പരിശോധിച്ചു വകുപ്പുകളാക്കേണ്ടിവരുമെന്നു്, നമുക്കു് സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞിട്ടു് ഏതാണ്ടു് 22 സംവത്സരം കഴിഞ്ഞു. ഈ 22 സംവത്സരം കഴിഞ്ഞിട്ടും നമ്മുടെ നാട്ടിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുടികിടപ്പുകാർക്കു്, കർഷകത്തൊഴിലാളികൾക്കു്, താമസിക്കാൻ ഭൂമിയില്ല. അവർക്കു് വീടു വെയ്ക്കുന്നതിനു് സ്ഥലമില്ല. ഒരിഞ്ചു ഭൂമിപോലുമില്ലാതെ അന്യഭൂമിയിൽ അവരുടെ ചെറിവോട്ടം സമ്മതത്തോടം കൂടി താമസിക്കുന്ന ഈ വിഭാഗക്കാർക്കു് 22 സംവൽസരം കഴിഞ്ഞതിനുശേഷവും അവർ താമസിക്കുന്ന വീടു്, സ്വാതന്ത്ര്യം കിട്ടിയകാലത്തു് ജനിച്ചു കുട്ടികൾ അന്നു പ്രായപൂർത്തിയാകാത്ത കുട്ടികൾ, ഇവരെല്ലാം ഉൾക്കൊള്ളുന്ന കുടികിടപ്പുകാരന്റെ വീടു്—മീർലെ ഭയ 22 സംവത്സരത്തിനുശേഷവും, മക്കളും കുട്ടികളും, അവരുടെ ഭാര്യമാരുമായി അംഗങ്ങൾ വർദ്ധിച്ചു്, ആ വീട്ടിനുള്ളിൽ കിടക്കാൻ സൗകര്യമില്ലാതായിട്ടു പോലും ആ വീടിന്റെ ചുറ്റളവു് വലുതാക്കാൻ നിയമാവകാശം ഇന്നും നമുക്കില്ല. അച്ഛനും, അമ്മയും അതുപോലെ മക്കളും അവരുടെ ഭാര്യമാരും കഴിച്ചുകഴിയേണ്ട ദുഃസ്ഥിതിയാണിന്നുമുള്ളതു്. കന്നുകാലികൾ ക്ഷീണിച്ചാൽ അതിന്റെ ഉടമസ്ഥർ സാധാരണ തൊഴുത്തു് വലുതാക്കാറുണ്ടു്. എന്നാൽ നമ്മുടെ നാട്ടിൽ ഇത്രയും കൊല്ലമായിട്ടു കന്നുകാലികൾക്കു കിട്ടിക്കൊണ്ടിരിക്കുന്ന സംരക്ഷണംപോലും, ഭൂമിയിൽ അദ്ധ്വാനിച്ചു് മണ്ണു് പൊന്നാക്കുന്ന കർഷകത്തൊഴിലാളികൾക്കു് നമുക്കു കൊടുക്കാൻ കഴിഞ്ഞിട്ടില്ല. Select കമ്മിറ്റി report ന്റെ പ്രധാന ഉള്ളടക്കം, കുടികിടപ്പുകാരൻ താമസിക്കുന്ന സ്ഥലം അവന്റെ സ്വന്തമാക്കാനും, അതു വാങ്ങുന്നതിനു് ആവശ്യമായ ഭേദഗതി ചേർത്തുകൊണ്ടാണു് നമ്മുടെ സംസ്ഥാനത്തു് ഭൂമി ജനസംഖ്യാനുപാതികമായി നോക്കുകയാണെങ്കിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ കുറവാണു്. മദ്രാസ്, ആന്ധ്ര മുതലായ പ്രദേശങ്ങളിലേക്കു നമ്മൾ പോവുകയാണെങ്കിൽ ആയിരക്കണക്കിനു ഭൂമി വെറുതെ കിടക്കുന്നതായി നമുക്കു കാണാം. നമ്മുടെ നാട്ടിൽ കടലോരപ്രദേശങ്ങൾ മുതൽ മല്ലയോരപ്രദേശം വരെ ആളുകൾ തിങ്ങിത്താമസിക്കുന്നുണ്ടു്. താമസിക്കാനും, കൃഷിചെയ്യാനും ഭൂമിയില്ലാതെ കാടുകൾ വെട്ടിത്തെളിച്ചു് അവിടങ്ങളിൽ മലകൾ വെട്ടിനിരത്തി കൃഷിചെയ്യുന്നവരാണു നമ്മൾ. ഇങ്ങനെ കാട്ടിൽ കയറി താമസിച്ചു് ഇന്നു് എത്രയാണ്ടു് കാടിന്റെ മൂന്നിലൊന്നുപോലും ഇല്ലാത്ത സ്ഥിതിയാണുള്ളതു്. ഏതാണ്ടു് ജനസംഖ്യാനുപാതികമായി ഭൂമി വീതിച്ചാൽ ആളൊന്നിനു് ശരാശരി 23 സെന്റിൽ കൂടുതൽ ഭൂമി ഉണ്ടാകുകയില്ല, നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ ഭയങ്കരമാണു്. ഭൂമി സ്വന്തമായിട്ടുള്ളവരുടെ സംഖ്യ കുറവാണു്. കൃഷി ചെയ്യാൻ ഭൂമിയില്ലാത്തവരും, സ്വന്തമായി ഒരു സെന്റു ഭൂമിയിൽ കുരവച്ചു തലചായിച്ചുറങ്ങാനും, എന്നാൽ എല്ലാ കാർഷിക വിളകളുടെ ഉല്പാദകരുമായ ഈ തൊഴിലാളികൾക്കു് ജോലിയില്ല, ജീവിക്കാൻ മാർഗ്ഗമില്ല, എന്നിരുന്നാൽപോലും അന്തിക്കുവന്നു് സ്വന്തമായ സ്ഥലത്തു് വീട്ടിൽ തലചായിച്ചുറങ്ങുവാനുള്ള അവകാശമായിട്ടാണു് കുടികിടപ്പുകാരൻ താമസിക്കുന്ന ഭൂമി വാങ്ങാനുള്ള അവകാശം നിയമംമൂലം പ്രദാനം ചെയ്യുന്നു്. ഗ്രാമപ്രദേശത്തു് പത്തു സെന്റും, Minor Municipality കളിൽ 5—, Major Municipality കളിലും Corporation area യിലും 3 സെന്റു ഭൂമിയും കുടികിടപ്പുകാരനു് വാങ്ങാൻ അവകാശം നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. ഇതു് കുടികിടപ്പുകാർക്കു് വാങ്ങിക്കാവുന്ന തരത്തിലുള്ള പ്രതിഫലം മാത്രം നിശ്ചയിച്ചുമാണു്. ഈ അവകാശം വിപുലമായി ഉപയോഗിക്കത്തക്കതരത്തിൽ കുടികിടപ്പുകാരന്റെ നിർവ്വചനം വിപുലമാക്കിയിട്ടുണ്ടു്. കോടതിവിധികൾമൂലം നിർവ്വചനത്തിനു വന്ന തരക്കേടുകൾ മാറ്റിയിട്ടുണ്ടു്. ഒരു സെന്റു ഭൂമിപോലും ഇല്ലാത്തവനാണു് കുടികിടപ്പുകാരൻ എന്നു ചേർത്തിരുന്നതു്, അവനു ആ ഭൂമിയിൽ ഒരു interest ഇല്ലായിരുന്നു എന്നുള്ളതും മാറ്റി നിയമത്തിന്റെ അപാകതകൾ മാറ്റി ഈ നിയമത്തിൽ ഉൾക്കൊള്ളുന്നതും അംഗീകരിച്ചിട്ടുണ്ടു്. സ്വന്തമായി ഭൂമിയില്ലാത്തവരായ ഈ കർഷകത്തൊഴിലാളികളാണു് നമ്മുടെ നാട്ടിലെ കാർഷിക ഭൂമിയുടെ അദ്ധ്വാനികൾ. ഇങ്ങനെയുള്ള വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം നഗരപ്രദേശത്തു് കോർപ്പറേഷൻ ഏരിയായിലാണെങ്കിൽ 3 സെന്റും മുനിസിപ്പാലിറ്റീസ് പ്രദേശത്താണെങ്കിൽ 5 സെന്റും പഞ്ചായത്തു പ്രദേശത്താണെങ്കിൽ 10 സെന്റും, അവർ കുടിതാമസിക്കുന്ന സ്ഥലം വാങ്ങാനുള്ള അവകാശം ഈ നിയമത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വച്ചിട്ടുണ്ട്. അതു് അവരെ യാതൊരു കാരണവശാലും ബുദ്ധിമുട്ടിച്ചുകൊണ്ടുള്ള വിധത്തിലല്ല. വസ്തുവിന്റെ മാർക്കറ്റു വിലയുടെ 25 ശതമാനമാണു് വിലയായി കണക്കാക്കിയിരിക്കുന്നതു്. ഈ 25 ശതമാനത്തിൽതന്നെ പകുതി ഗവണ്മെന്റിന്റെ പൊതുഖജനാവിൽനിന്നും വാങ്ങുന്നതിനും ബാക്കി ഇൻസ്റ്റാൾമെന്റായി അടയ്ക്കുന്നതിനുമുള്ള പ്രൊവിഷനാണു് ഈ നിയമം നിയമസഭയിൽ അവതരിപ്പിച്ചു് സെലക്ടു കമ്മിറ്റി ചർച്ചചെയ്തു് കൊണ്ടുവന്നിട്ടുള്ളതു്. ഇതാണു് കുടികിടപ്പുകാരനെ സംബന്ധിച്ചു് പ്രധാനമായിട്ടു് പറയുവാനുള്ളതു്. മറ്റുള്ള പ്രശ്നങ്ങളും ഈ ഉദ്ദേശലക്ഷ്യങ്ങളും സാധിക്കുന്നതിനുവേണ്ടി കുടികിടപ്പുകാരനു് എന്തെല്ലാം ചെയ്യാം ഈ നിയമത്തിൽ എന്തെല്ലാം കൂട്ടിച്ചേർക്കണം ഈ ഉദ്ദേശലക്ഷ്യങ്ങളും സാധിക്കുന്നതിനുള്ള വകുപ്പുകളാണു് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നതു്. ഇതാണു് പ്രധാനമായുള്ളതു്.

ശ്രീ. കെ. ടി. ജോർജ്ജ് : കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം നേരത്തെ കോർപ്പറേഷൻ ഏരിയായിൽ 3 സെന്റും മുനിസിപ്പൽ ഏരിയായിൽ 5 സെന്റും പഞ്ചായത്തു് ഏരിയായിൽ 10 സെന്റും വാങ്ങാനുള്ള ഒരവകാശം നൽകുകയാണെന്നു പറഞ്ഞു. അങ്ങനെ പർച്ചേസു ചെയ്യുന്നതിനുള്ള അവകാശം എല്ലാ കുടികിടപ്പുകാർക്കും ഈ നിയമംവഴി കൊടുത്തിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : അതു് ഞാൻ സംസാരിച്ചുകൊണ്ടുവരുമ്പോൾ പറയാം. സകല കുടികിടപ്പുകാരനും കൊടുത്തിട്ടുണ്ടു്. പാകപ്പിഴയുണ്ടെങ്കിൽ നോക്കാം. ഒരുവിഭാഗം കുടികിടപ്പുകാരെസംബന്ധിച്ചു് ഇതു് എക്സർസൈസു ചെയ്യാനുള്ള അവകാശം 3 കൊല്ലം കഴിഞ്ഞിട്ടാണു്. ഒരേക്കറിനു താഴെയുള്ള വസ്തുടമസ്ഥന്മാരുടെ വസ്തുവിൽ കുടികിടപ്പുകാരായി താമസിക്കുന്നവർക്കു് ഈ അവകാശം 3 കൊല്ലം കഴിഞ്ഞിട്ടേ എക്സർസൈസു ചെയ്യുവാനൊക്കുകയുള്ള എന്നാണു് പറഞ്ഞിട്ടുള്ളതു്. ഒരു കുടികിടപ്പുകാരെയും വ്യത്യസ്ഥമായി കണക്കാക്കിയിട്ടില്ല. ഒരു കുടികിടപ്പുകാരൻ താമസിക്കുന്ന ഭൂമി 3 സെന്റിലധികമാണെങ്കിൽ അടുത്ത വസ്തുവിൽനിന്നു് വാങ്ങാൻ പറഞ്ഞിട്ടില്ല. ഭൂമി അക്വയർ ചെയ്യുന്നതിനുള്ള ഇരുപതുശതമാനം വില വസ്തു ഉടമസ്ഥൻ കെട്ടിവച്ചാൽ ഗവണ്മെന്റു് കുടികിടപ്പുകാരനു് സാവകാശം കൊടുക്കുന്നതിനാണു് വകുപ്പു് ചേർത്തിട്ടുള്ളതു്. ബാക്കിയുള്ള എല്ലാ കുടികിടപ്പുകാരെ സംബന്ധിച്ചും ഈ അവകാശം കൊടുത്തിട്ടുണ്ടു്. ഉദ്ദേശം അതാണു്. Draft ൽ വന്നിട്ടില്ലെങ്കിൽ നോക്കാം. കുടികിടപ്പുകാരെ സംബന്ധിച്ചു് എല്ലാ കുടികിടപ്പുകാരെയും ഒരേ വീക്ഷണത്തിൽകൂടിതന്നെയാണു് നോക്കിയിരിക്കുന്നതു്. ഇതാണു് പരമപ്രധാനമായിട്ടു് കുടികിടപ്പുകാരെ സംബന്ധിച്ചുള്ള നിർവചനത്തിൽ ഉറപ്പിക്കൊള്ളിച്ചിരിക്കുന്നതു്. ഈ നിയമം നിയമസഭയിൽ അവതരിപ്പിച്ച കാലത്തു് അന്നു് ഇതു് അവതരിപ്പിച്ചുകൊണ്ടു ഞാൻ പറഞ്ഞു; കുടികിടപ്പുകാരനു് അവൻ താമസിക്കുന്ന ഭൂമി സ്വന്തമായി വാങ്ങാൻ അവകാശമുണ്ടാകണം. അതിനാണു് rehabilitation fund ചേർത്തിരിക്കുന്നതു്. Details select committee stage ൽ ആലോചിക്കാം നിയമം താമസിക്കാതിരിക്കാൻവേണ്ടി നിയമം അവതരിപ്പിക്കുന്നു എന്നും ഈ ബില്ലിൽ ആവശ്യമായ ഭേദഗതികളും സെലക്ടുകമ്മിറ്റി വരുത്തിയിരിക്കുകയാണു്. അതാണു് പ്രധാനമായും എനിക്കു പുണ്ടിക്കാണിക്കാനുള്ളതു്. നിയമത്തിലുള്ള വകുപ്പുകളെക്കുറിച്ചു് ആദ്യം മുതലുള്ള ഭേദഗതികളിലേക്കു് ഞാൻ കടക്കുകയാണു്. പ്രധാനമായിട്ടുള്ള ഭേദഗതികളും പറഞ്ഞുകഴിഞ്ഞതിനുശേഷം മൈനർ ഭേദഗതികളും പിന്നീടു പറയാം. ഈ നിയമം ചർച്ചചെയ്യുന്ന അവസരത്തിൽ കൃഷിക്കാരനെ സംബന്ധിച്ചു് ഈ ഗവണ്മെന്റിന്റെ ആഗ്രഹവും കമ്മിറ്റി റിപ്പോർട്ടു ചെയ്തതും ഭൂമി സ്വന്തമായി അദ്ധ്വാനിച്ചു് താമസിക്കുന്ന ഭൂമി—അതിനു് എത്രപേരു പറഞ്ഞാലും—വേണ്ടില്ല; അദ്ധ്വാനം മുടക്കി ഭൂമി കൈവശംവച്ചു് അനുഭവിക്കുന്നവരായിട്ടുള്ള ഏതു പേരിൽ അറിയപ്പെടുന്ന ആളുകളേയും കുടിയാനായി അംഗീകരിക്കുന്നതാണു്. ഇതാണു് കുടിയാന്റെ നിർവചനത്തിന്റെ തത്വമായി അംഗീകരിച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ അദ്ധ്വാനിക്കുന്ന ക്രമീ കൈവശംവച്ച് അനുഭവിക്കുന്നവർക്കും അതു് അവരുടെ പേരിൽ അറിയപ്പെടുന്ന ആളുകളും കൂടിയാണെന്നുള്ളതു് അംഗീകരിച്ചിട്ടുണ്ടായിരിക്കാം. 1957-ൽ അവതരിപ്പിച്ച നിയമത്തിനെക്കുറിച്ചു് പലരും പറഞ്ഞു. അതിനുശേഷം ഇന്നു് അവതരിപ്പിച്ച ഈ കാലത്തും അതു് ആവർത്തിച്ചു് പറയുകയുണ്ടായി. 1957-ൽ അവതരിപ്പിച്ച നിയമത്തിൽ കൈയേറ്റക്കാരൻ എന്നു വിചാരിക്കുന്ന ആളുകളെ റെഗുലൈസ് ചെയ്യുന്നതിനുള്ള നടപടി ഉണ്ടായിരുന്നു എന്നായിരുന്നു ആരോപണം.. ഈ നിയമത്തിനും വന്നിട്ടുള്ള നടപടിയാണു്. ഇതു് കയ്യേറ്റത്തിനു പ്രോത്സാഹനമാണു് എന്നും മറ്റും പറയുന്നവരാണു് എന്നാൽ യഥാർത്ഥത്തിൽ സ്ഥിരത കിട്ടേണ്ട പല കൃഷിക്കാർക്കും 22 സംവത്സരക്കാലം കഴിഞ്ഞിട്ടും ഇതിനു മാറ്റം വന്നില്ല. 1950-ലോ 1951-ലോ 1952-ലോ ആണു് കാർഷിക പരിഷ്കരണം നമ്മുടെ നാട്ടിൽ നടപ്പിലായിരുന്നതെങ്കിൽ നമ്മുടെ സാമ്പത്തികസ്ഥിതിക്കു് വരുമായിരുന്ന ക്രമീകരണവും വ്യത്യാസവും ഇപ്പോഴത്തെ നിയമം പാസ്സാക്കിയാൽ വരുമെന്നു വിചാരിക്കുന്നില്ല. ചെയ്യേണ്ടതു് ചെയ്യേണ്ട സമയത്തു് ചെയ്യേണ്ടതായിരുന്നു. എന്നാലും വളരെ താമസിച്ചുപോയ ദേശീയ കടമകളിലൊന്നു് ഇപ്പോഴെങ്കിലും നടത്താൻ കഴിയുമല്ലോ എന്നു ഞാൻ ആശ്വസിക്കുകയാണു്. നാട്ടിൽ അദ്ധ്വാനമാണു് ഏറ്റവും വലിയ മുതൽമുടക്കു്. നമ്മുടെ രാജ്യത്തിന്റെ വികസനത്തിനുള്ള മുതൽമുടക്കും അതുതന്നെയാണു്. അദ്ധ്വാനം മുടക്കുന്ന ആളുകൾക്കു് അദ്ധ്വാനത്തിൽനിന്നു വരുന്നതായ ഫലം അനുഭവിക്കണമെന്നുള്ള നിശ്ചയം—കൂടിയാൻ നിശ്ചയങ്ങളും വ്യക്തമാക്കിയിട്ടുണ്ടു്. ഇന്നുതന്നെ നമ്മുടെ പല വ്യാഖ്യാനങ്ങളും കോടതിവിധിയിൽ ഉണ്ടായിരുന്ന പാകപ്പിഴകളുംമൂലം ഈ ബിൽ അവതരിപ്പിച്ചു് ചർച്ച ചെയ്തയവസരത്തിൽ നാം എന്താഗ്രഹിച്ചിരുന്നുവോ, ആർക്കെല്ലാം ആനുകൂല്യം കൊടുക്കണമെന്നുള്ള വിധത്തിൽ നമുക്കു് ആഗ്രഹം ഉണ്ടായിരുന്നുവോ അതെല്ലാം സഫലമാകാതെ വന്നിട്ടുണ്ടു്. കാണം, കഴിക്കാണം, വച്ചുപാട്ടം ഇങ്ങനെ പല നിർവ്വചനത്തിലും ഇതു വന്നിട്ടുണ്ടു്. 1960-ലോ, 1961-ലോ ആണു് അഗ്രേറിയൻ റിലേഷൻസ് ബില്ലു് ഭേദഗതി ചെയ്തപ്രകാരം നടപ്പിൽ വന്നതു് എങ്കിൽ അതു കഴിഞ്ഞതിനുശേഷം ഈ കാലഘട്ടങ്ങളിലെല്ലാം നമ്മുടെ കോടതികളിൽ ഉണ്ടായ നിയമങ്ങളുടെ വ്യാഖ്യാനങ്ങളെല്ലാം അനുസരിച്ചു് ആവശ്യമായിട്ടുള്ളവ ഉൾക്കൊള്ളിച്ചു് ഈ നിയമത്തിൽ കൂടിയാൻ നിശ്ചയത്തിനു് വ്യാപ്തി വരുത്തിയിട്ടുണ്ടു്. കോടതിയുടെ വ്യാഖ്യാനംകൊണ്ടു് യഥാർത്ഥ കൂടിയാനുള്ള അവകാശം നഷ്ടപ്പെടാതിരിക്കത്തക്ക വിധത്തിൽ ശ്രദ്ധിച്ചിട്ടുണ്ടു്.

ഈ നിയമം അവതരിപ്പിച്ചപ്പോൾ കാരായ്മയുടെ കാര്യം പറഞ്ഞിരുന്നു. ആ വിഭാഗം കോഴിക്കോടു ജില്ലയിൽമാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു് വിചാരിച്ചിരുന്നു. കോഴിക്കോടു ജില്ലയിൽ മാത്രമല്ല മലപ്പുറം ഡിസ്ട്രിക്ടിലെ പൊന്നാനി താലൂക്കിലും ഈ വ്യവസ്ഥ ഉണ്ടു്. ഈ നിയമത്തിന്റെ ചർച്ചാവേളയിൽ മറ്റുപല സ്ഥലങ്ങളിലും ഈ ഏർപ്പാടു് ഉണ്ടെന്നു് ബഹുമാനപ്പെട്ട സാമാജികന്മാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സെലക്ടുകമ്മിറ്റി കാരായ്മയുടെ നിശ്ചയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടു്. തിരുവിതാംകൂറിലോ, കൊച്ചിയിലോ, മലബാറിലോ കേരളത്തിലൊട്ടാകെ കാണക്കുടിയാനു് സ്ഥിരാവകാശം നൽകുന്ന കാര്യത്തിൽ വ്യത്യാസമൊന്നുമില്ല. കാലാകാലങ്ങളിൽ വന്ന വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിൽ പല കാണക്കുടിയാന്മാരുടെയും അവകാശം നഷ്ടപ്പെട്ടിട്ടുണ്ടു്.

ഇതിനുമുമ്പു് പാട്ടച്ചീട്ടു്, ഗോബ്രുച്ചീട്ടു്, ശമ്പളപാട്ടംകാർ ഇങ്ങനെയുള്ള ഏർപ്പാടുകളും ഉണ്ടു്. വസ്തുവകകൈകാര്യം ചെയ്യുന്നതിന്റെ പേരിലും പണം കൈമാറുന്നതിന്റെ പേരിലും ഇതുപോലുള്ള ആളുകൾക്കു് അവകാശം കൊടുക്കുവാൻ ഒരു നിയമം എഴുതി ഉണ്ടാക്കുകയാണെങ്കിൽ അതിനെ പരാജയപ്പെടുത്തുവാൻ എന്തൊക്കെ പഴുതുകളും സ്വീകരിക്കുവാൻ കഴിയുമോ ആ നടപടികളെല്ലാം എടുക്കുന്ന ഏജൻസികളുള്ള നാടാണു് നമ്മുടേതു്. ഈ വിഭാഗക്കാരെയെല്ലാം സംബന്ധിച്ചു് പാട്ടനിശ്ചയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള വിഭാഗക്കാരെ സംബന്ധിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

സെലക്ട്കമ്മിറ്റി പരിശോധിച്ചതിനുശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. തിരുവിതാംകൂറിലും മറ്റുമുള്ള ആളുകൾ നിലമ്പൂർപോലുള്ള മലപ്രദേശങ്ങളിൽപോയി കാണിക്കംകൊടുത്തു് പാട്ടംവാങ്ങി വളരെക്കാലമായി കൃഷിചെയ്തു ജീവിച്ചു വരുന്നവരുണ്ട്. അവർ പാട്ടം കൊടുത്തോ, കാണിക്കം കൊടുത്തോ അല്ലെങ്കിൽ വസ്തുവിനു വേണ്ടിവരുന്നതു വിലകൊടുത്തോ ഭൂമി വാങ്ങിച്ചു് കൈവശം വച്ചു് കൃഷി ചെയ്തുവരികയാണു്. ഇന്നത്തെ റിക്കാർഡുകളിൽ ആ ഭൂമികൾ സർവ്വെ ചെയ്യാത്തതായിട്ടുകിടക്കും. അതുപോലെയുള്ള ഭൂമി ഇതുവരെകാലം കൈവശം വച്ചു് കൃഷിചെയ്തു കഴിഞ്ഞതിനുശേഷം ആ കുടിയാനു് ഈ ഭൂമിയിലുള്ള അവകാശം നഷ്ടപ്പെടാൻ പാടില്ല. അതുപോലെതന്നെ പഴയ നിയമത്തെക്കാളും പുതിയ നിയമത്തിൽ കുടിയാന്റെ നിവ്വചനത്തിനു് വ്യാപ്തി വരുത്തിയിട്ടുണ്ടു്. കൃഷിക്കാരെ സംബന്ധിച്ചു് ഇതു് പ്രായോഗികമാക്കാനും നടപ്പിൽ വരുത്താനും ശ്രമിക്കേണ്ടതാണു്. അൺസർവ്വെയ്ഡ് ആയിട്ടുള്ള ഭൂമി കൈവശംവച്ചു് കൃഷിചെയ്യുവരുന്നവരെ സംബന്ധിച്ചു് അവരുടെ അവകാശം നഷ്ടപ്പെടാൻ പാടില്ല. ആ വിധത്തിൽ ആവശ്യമായ പുതിയ ഭേദഗതികളും പുതിയവകുപ്പുകളും മുമ്പു് ഉണ്ടായിരുന്ന വകുപ്പുകളും ഭേദഗതി ചെയ്തുകൊണ്ടു് കുടിയാന്റെ നിവ്വചനത്തിൽ വരുത്തിയിട്ടുണ്ടു്. കൈവശം വച്ചു് കൃഷിചെയ്യുന്ന വസ്തുക്കളും ഉടമസ്ഥനും കൃഷിക്കാരനും തമ്മിൽ ബന്ധമുള്ളതും പണിയെടുക്കുന്ന ഭൂമിയിൽ ഒരുങ്ങിനിൽക്കുവാൻമാത്രം ബന്ധമുള്ളതും ആയ ഭൂമിയെ സംബന്ധിച്ചു് ആരു് കൈവശം വച്ചിരുന്നാലും കുടിയാന്റെ നിവ്വചനത്തിൽ അധികാരവ്യാപ്തി വ്യക്തമാക്കിയിട്ടുണ്ടു്. അതോടൊപ്പം നടപ്പു പണയക്കാരെ സംബന്ധിച്ചും ചില വ്യത്യാസങ്ങളും വരുത്തിയിട്ടുണ്ടു്. മുമ്പുണ്ടായിരുന്ന നിയമത്തിൽ മീറ്റു കൊല്ലം കഴിയുമ്പോഴും പണയം പുതുക്കിയെഴുതണമെന്നു് ഒരു വകുപ്പു് ഉൾക്കൊള്ളിച്ചിരുന്നു. ഇന്നത്തെ നിലയിൽ എത്രകൊല്ലം എന്നു് നോക്കേണ്ടതില്ല, നിയമപരമായി അവർക്കു് അവകാശം ഉണ്ടു്. കഴിഞ്ഞ കാലങ്ങളിൽ ഭേദഗതി എഴുതുന്നതോടുകൂടി എത്രകാലം വേണമെങ്കിലും ഉടമസ്ഥാവകാശം ഉണ്ടായിരിക്കും. ഒരാൾ ജനിച്ചു പിറ്റേന്നു് ഭൂമിയിൽ അയാൾ അദ്ധ്വാനിച്ചുകഴിയുന്നു. അദ്ധ്വാനം മുടക്കാത്തയാളിനു് അതിന്റെ കൈവശാവകാശവും. നടപ്പു പണയം കൈവശപണയം എന്നപേരു പറഞ്ഞു് ഇങ്ങനെയുള്ള വസ്തുക്കളുടെ അവകാശം യഥാർത്ഥ കൃഷിക്കാരനു്. ഇല്ലാതെയാകരുതു്; പണമിടപാടുകളെക്കുറിച്ചെല്ലാം നിയമസഭയിൽ എല്ലാ ഭാഗത്തുനിന്നും സൂക്ഷ്മമായ വിമർശനങ്ങളും ഉണ്ടായിട്ടുണ്ടു്. നമ്മുടെ നാട്ടിൽ മക്കളുടെ കല്യാണത്തിനുവേണ്ടി വസ്തു പണയം വയ്ക്കുന്നുണ്ടു്. അപ്രകാരം ഉള്ള വസ്തുക്കളുടെ അവകാശം നഷ്ടപ്പെടരുതു്. ഇതെല്ലാം നോക്കിയതിനു ശേഷമാണു് കുടിയാന്റെ നിവ്വചനം ഇത്രയും വ്യാപകമായി കൊടുത്തതു്. 4 A വിപുലപ്പെടുത്തിയതു്, കൂടുതൽ കൈവശക്കാരെ ചേർക്കണോ എന്ന കാര്യം ആലോചിക്കാവുന്നതാണു്.

അതുപോലെതന്നെ ഒരു പാവപ്പെട്ട കുടിയാനു് പ്രത്യേകിച്ചു് കേരളത്തിലെ നെയ്യാറ്റിൻകര, തിരുവല്ല ഇതുപോലെയുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ കാലത്തു് കൈവശപ്പണയം ഒറ്റി എന്നെല്ലാം പേരു എഴുതിയാലും പേരൊരു തുണ്ടുഭൂമിപോലും ഇല്ലാത്തവരായാലും അവർ അദ്ധ്വാനിച്ചു് പുരയുംവച്ചു് താമസിക്കുന്നതിനു് വാങ്ങിച്ചു് അദ്ധ്വാനമെല്ലാം നടത്തിയതിനുശേഷം കാർഷികവിഭവങ്ങൾക്കു് വിലകൂടുകയും ജന്മിയുടെ കുടുംബത്തിലുള്ള ഭോഗവും മറ്റു സമ്മർദ്ദങ്ങളും ഉണ്ടാകുകയും ചെയ്യുന്നതിന്റെ ഫലമായി ഒഴിപ്പിക്കലിനെ നേരിടണമെന്നുള്ളതിനു് മാറ്റം വരുത്തിയിട്ടുണ്ടു്. അങ്ങനെയുള്ളവർക്കു്, ഇന്ന ഭൂമിയിൽ ഇത്ര ഏക്കറിൽ കൂടുതൽ ഇല്ലാത്തവരാണെങ്കിൽ, അവരെ സംബന്ധിച്ചു് കുടിയാൻ എന്ന നിവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഈ വകുപ്പു് വളരെയധികം സൂക്ഷ്മമായ അഭിപ്രായസംഘട്ടനങ്ങൾക്കു ഉള്ളതാണു്. ചിലയാളുകൾ പണയത്തിന്മേൽ എത്ര പേരു പറഞ്ഞാലും കൊടുക്കണമെന്നു പറയുന്നുണ്ടു്. മറ്റു ചിലർ ഇതു് ജന്മികുടിയാൻ ബന്ധമല്ല നേരെമറിച്ചു് പണം കൊടുക്കുന്നവനും പണം വാങ്ങിക്കുന്നവനും തമ്മിലുള്ള ബന്ധമാണെന്നു പറയുന്നുണ്ടു്. ഇതെങ്ങനെ ശ്രദ്ധപ്പെടുത്താമെന്നു് ആലോചിച്ചതിനു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ആണ് സെലക്ട് കമ്മിറ്റി ഇങ്ങനെയൊരു നിയമം എഴുതിയിട്ടുള്ളതു്. കുടിയാനെ സംബന്ധിച്ചിടത്തോളം ഇതുയും കൈവശഭൂമി അധ്വാനം മുടക്കി കൃഷി ചെയ്യുന്ന ആളാം എന്നുള്ള നിലയിൽ അതു് ശാശ്വതമാക്കിക്കിട്ടുന്നതിനും മറു വിധത്തിൽ കുടിയാന്റെ അവകാശം സുരക്ഷിതമാക്കുന്നതിനും ഉതകുന്ന വിധത്തിൽ നിയമനം ക്രിയപ്പെടുത്തിയിട്ടുണ്ടു്. അതനുസരിച്ചു് ആവശ്യമായ എല്ലാ ഭേദഗതികളും വകുപ്പുകളിൽ വരുത്തിയിട്ടുമുണ്ടു്. അതോടൊപ്പംതന്നെ 'ഇംപ്രൂവ്മെന്റു്' വരുത്തുള്ള മാർഗ്ഗങ്ങം, എന്തെല്ലാമാണു് അതിൽപ്പെടുന്നതു് എന്നെല്ലാം ഇംപ്രൂവ്മെന്റു്' എന്ന ഡഫനിഷനിൽ പറഞ്ഞിട്ടുണ്ടു്. ഇംപ്രൂവ്മെന്റു് എന്നു പറയുന്നതു് വസ്തുവിനു് ഗുണം കിട്ടുന്ന തരത്തിലുള്ളതായിരിക്കണം. പഴയ definition-ൽ തുങ്ങിനിൽക്കാതെ വിപുലപ്പെടുത്തിയിട്ടുള്ള കുടിയാന്റെ കൈവശമുള്ള ഭൂമിയിൽ ഒരു കൊല്ലത്തിനിടയിൽ കുടൽ കെട്ടിയിട്ടുണ്ടെങ്കിൽ അയാളം കുടിയാൻ അല്ല എന്നുള്ള നിലയിൽ ഒഴിപ്പിക്കാനു് അവകാശമുണ്ടെന്നു വരുന്നു്. ആ വിധത്തിൽ നിയമനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടു്. അതുപോലെ പറമ്പു യി കൊടുത്തതു് ഇപ്പോഴും നിലം യിരിക്കുന്ന അവസ്ഥകളിൽ നിലമായി കൊടുത്തതു് പറമ്പായിരിക്കുന്നു, ഞങ്ങളം നെൽപ്പാടുഷിക്കാണു് കൊടുത്തതു് അതുകൊണ്ടു് ഡാമേജ് ആയി കണക്കാക്കണം. എന്നു വരുതിരിക്കാൻ ഇംപ്രൂവ്മെൻറിനു് പ്രത്യേകമായി വ്യഖ്യാനം കൊടുത്തിട്ടുണ്ടു്. അങ്ങനെ കുടിയാന്റെ അവകാശം നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായിട്ടുള്ള വിധത്തിലുള്ള ഭേദഗതികളം വരുത്തിയിട്ടുണ്ടു്. അതാണു് ഇതിനെ സംബന്ധിച്ചു പറയാനുള്ളതു്. അതുപോലെതന്നെ കുടിയാനു് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളം നഷ്ടപ്പെടാതിരിക്കാനു് ആവശ്യമായ വ്യവസ്ഥകളം ഉൾക്കൊള്ളിച്ചിട്ടുണ്ടു്. മലബാർ കുടിയായ്മ നിയമപ്രകാരമുള്ള ചില കാര്യങ്ങളം പറയാൻവേണ്ടി ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) ഒരു ഭേദഗതി കൊടുത്തിരുന്നു. അതിപ്പോഴം പിൻവലിക്കുന്നതിനു് അദ്ദേഹം തയാറാണെന്നാണു് അറിഞ്ഞതു്. പാലക്കാടു ജില്ലയെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങളം പറയേണ്ടതായിരുന്നതുകൊണ്ടു് അതിനു് അവസരം ലഭിക്കുന്നതിനുവേണ്ടിയാണു് ഇങ്ങനെയൊരു ഭേദഗതി അദ്ദേഹം കൊടുത്തതെന്നും അതിപ്പോഴം ചില ഭാഗത്തു നിന്നും ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതുകൊണ്ടു് ആ ഭേദഗതി പിൻവലിക്കുന്നതിനും അദ്ദേഹം ഇന്നലെ എഴുതിക്കൊടുത്തു എന്നും അറിയാൻ കഴിഞ്ഞു.

മറ്റൊരു കാര്യം. കൊച്ചിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ നമ്മുടെ ഇവിടെ നിയമം പാസ്സാക്കിയപ്പോഴും കൊച്ചി ദേവസ്വം പ്രൊക്ലമേഷൻ അനുസരിച്ചു് ദേവസ്വംബോർഡിനു് 50 കൊല്ലമായി കൈവശമിരിക്കുന്ന കുടിയാന്റെ കൈവശത്തു നിന്നുപോലും പാട്ടക്കുടിശികയുടെയും മറ്റും പേരിൽ ഒഴിപ്പിക്കൽ നടത്താൻ കഴിയും. ഈ പ്രശ്നം മുമ്പം നമ്മുടെ മുന്നിൽ വന്നിട്ടുള്ളതാണു്. 1357-ലും 59-ലും 61-ലും 63-ലും എല്ലായ്പോഴും ചർച്ച ചെയ്തിട്ടുള്ള ഒരു പ്രശ്നമാണു്. ഈ നിയമസഭയിൽത്തന്നെ ശ്രീ. ശിവരാമഭാരതിയെപ്പോലെയുള്ള ആളുകളം ഈ പ്രശ്നത്തിനു പരിഹാരം കാണാൻ വളരെയധികം ഓടി നടന്നിട്ടുള്ളതാണു്. ഈ വക കാര്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ടു്, കമ്മിറ്റിയുടെ മുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളതും കമ്മിറ്റിക്കു ബോധ്യമായിട്ടുള്ളതുമായ സംഗതികളം അനുസരിച്ചു് കുടിയാന്റെയും കൃഷിക്കാരന്റെയും അവകാശങ്ങളം നഷ്ടപ്പെടാതിരിക്കാനും കൈവിട്ടുപോയ ഭൂമി തിരിച്ചുപിടിക്കുന്നതിനും ആവശ്യമായ വകുപ്പുകളം ഉൾക്കൊള്ളിച്ചു് കുടിയാന്റെ അവകാശം സംരക്ഷിക്കുന്നതിനു് ശ്രമിച്ചിട്ടുണ്ടു്. അതിനുവേണ്ടി പുതിയ വകുപ്പുകളം ഉണ്ടു്. ഭേദഗതി ചെയ്ത വകുപ്പുകളുണ്ടു്.

അതുപോലെ റെൻറിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ നിലമാണെങ്കിൽ കോൺട്രാക്ടു് റെൻറിന്റെ പകുതിയോ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നതോ ആയിരിക്കണം. ഇതിനെ സംബന്ധിച്ചും കമ്മിറ്റി വിശദമായി ആലോചിച്ചതിനു ശേഷം പകുതിപാട്ടം നിലത്തിനുള്ളതുപോലെതന്നെ ഏതാണ്ടു് 75 ശതമാനം contract

റെന്റിന്റെ rate കുറയ്ക്കുമ്പോഴും ബാധകമാക്കാൻ വകുപ്പുകൾ എഴുതിച്ചേർത്തിട്ടുണ്ട്. ഈ നിലയിൽ മര്യാദപ്പാട്ടത്തിന്റെ നിർവചനത്തിന്റെ വ്യാപ്തിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതുപോലെതന്നെ പാട്ടക്കുടിശ്ശികയുടെ കാര്യവും. പാട്ടക്കുടിശിക 1967 വരെയുള്ളതു്, ഒരു കൊല്ലം മുൻപുവരെയുള്ളതു് സ്റ്റേ ചെയ്തിരുന്നതിൽനിന്നു് ഇങ്ങോട്ടു മാറ്റി വൈപ്പു്ഒഴിവു് ചെയ്യുന്നതിനുള്ള ഒരു പ്രൊവിഷൻ ആക്കിയിട്ടുണ്ട്. അതിനു ശേഷം കൊടുത്തിട്ടുള്ള പാട്ടം കഴിഞ്ഞ കൊല്ലത്തിലേക്കു് വരവു വയ്ക്കുന്ന സമ്പ്രദായം ജന്മിമാരുടെ ഇടയിൽ ഉള്ളതുകൊണ്ടു് ഈ ഡോറിനുശേഷമാണു കൊടുക്കുന്നതെങ്കിൽ അതിനുശേഷമുള്ള പാട്ടമായി പരിഗണിക്കുന്നതിനും അതിനുശേഷം മിച്ചംവരുന്നതു് ഭൂമിയുടെ പ്രതിഫല സംഖ്യയിൽ വകയിരുത്തുന്നതിനും വകുപ്പുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുപോലെതന്നെ പാട്ടത്തിന്റെ കാര്യമാണെങ്കിൽ പണ്ടു കൊടുത്തിരുന്നതായ പാട്ടം കുടിയാൻ സ്വന്തം അദ്ധ്വാനത്തിലുണ്ടാക്കുന്നതു് ശരിയായ വിധത്തിൽ പ്രതിഫലിപ്പിക്കത്തക്ക രീതിയിൽ ഉള്ളതല്ലായിരുന്നു. പ്രത്യേകിച്ചും കുരുമുളകിന്റെ കാര്യം. അതുകൊണ്ടു് അതു 1/20 എന്ന നിലയിലാക്കിയിട്ടുണ്ട്. ഇതിപ്പോഴും പറയാൻ കാരണമുണ്ട്. എല്ലാ പാർട്ടികളുടേയും സംയുക്തമായ ഒരു ആക്ഷൻ കമ്മിറ്റി പിന്നെയും വന്നിരിക്കുന്നു എന്നാണറിയുന്നതു്. കുരുമുളകു കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു നിശ്ചിതകാലം കഴിഞ്ഞതിനുശേഷമേ കുരുമുളകു് ഉണ്ടാകുകയുള്ളു. കുരുമുളകു് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇതു എത്രയും വിഷമങ്ങളുണ്ടാക്കുന്ന ഒരു സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ടു് ഇതു് സാധാരണ നിലയിൽ കരത്തിന്റെ ആനുപാതികമായ നിലയിൽ മാറണമെന്നു പറഞ്ഞുകൊണ്ടു് ചില നിർദ്ദേശങ്ങളും ഭേദഗതികളും മെമ്മോറാണ്ടങ്ങളും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി പരിശോധിച്ചതിൽബില്ലിലെ വ്യവസ്ഥ തന്നെ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ 1/20 എന്ന മതിയെന്നു പറയാൻ കാരണം. ഈ നിയമം നടപ്പിലായിക്കഴിഞ്ഞാൽ ഏതാണ്ടു് ആറുമാസത്തിനുള്ളിൽ കുടിയാന്റെ കൈവശമിരിക്കുന്ന ഇന്നയിന്ന ഭൂമികയും—ഒഴിപ്പിക്കാൻ വ്യവസ്ഥയുള്ള ഭൂമി ഒഴിച്ചു്—ഗവണ്മെന്റിൽ നിക്ഷിപ്തമാകുകയും ജന്മിത്വം അവസാനിക്കുകയും ചെയ്യും. മര്യാദപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം കോക്കനട്ട് ഗാർഡൻ, അരക്കനട്ട് ഗാർഡൻ ഇവയെ കൂടി വരുത്തിയിട്ടുണ്ട്. വേറൊരു പ്രധാനമായിട്ടുള്ള വ്യവസ്ഥ ഈ വസ്തുക്കൾ ഗവണ്മെന്റിലേക്കു് നിക്ഷിപ്തമായിക്കഴിയുമ്പോൾ ഈ നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിയെന്നുള്ള നിലയിൽ മുഴുവൻ ചുമതലയും ഗവണ്മെന്റിനായിരിക്കുമെന്നുള്ളതാണു്. കുടിയാന്മാരുടെ കോടതിയിൽ പോകേണ്ടതായി വന്നാലും അതിനാവശ്യമായ നിയമസഹായം ഗവണ്മെന്റു ചെയ്യുന്നതായിരിക്കും. കഴിഞ്ഞ കാലങ്ങളിൽ പാട്ടം പിരിച്ചെടുക്കുന്നതിനും മറ്റും കുരുമുളകു പറിക്കാൻ ജന്മികൾ എടുത്തിരുന്ന നടപടികളും ഇല്ലാതാകും. ഭൂമിയിൽ ജന്മിയുടെ പ്രവേശനം ഉണ്ടാകുകയില്ല. അതുകൊണ്ടു് 1/20 എന്ന provision ഇന്നാലും കുടിയാൻ യാചിക്കേണ്ട ആവശ്യമില്ല. Samp duty—യിലെ ചില provision വക്കീലന്മാർ കൂട്ടായി എന്നിൽത്തിട്ടുള്ളതുപോലെ ഇതിനു എതിർപ്പുണ്ടാകുമോ എന്നെനിക്കറിഞ്ഞുകൂടാ. കൃഷിക്കാർ കോടതികളിൽ കയറിനടന്നു് വക്കീലന്മാർക്കു് വക്കാലത്തുകൊടുത്തു് പാഴ്ചെലവുകളും ഉണ്ടാകാതിരിക്കുവാൻവേണ്ടിയും. ഈ നിയമം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ആദ്യപടിയെന്നുള്ള നിലയിലും മുൻപു കോടതിക്കു് കൊടുത്തിട്ടുള്ള മുഴുവൻ ചുമതലകളും ലാൻഡ് ട്രിബ്യൂണലിനു് കൊടുക്കുന്നതാണു്. ഇതിന്റെ മുഴുവൻചുമതലയും ലാൻഡ്ട്രിബ്യൂണലിനാണു്. ഈ ഹോൾഡിംഗ്സിനെ സംബന്ധിച്ചും കുടിയാനെ സംബന്ധിച്ചുമുള്ള എല്ലാ വ്യവസ്ഥകളും ഒരൊറ്റ കോടതി—ലാൻഡ് ട്രിബ്യൂണൽ മാത്രം കൈകാര്യം ചെയ്താൽ മതി എന്നുള്ള ഭേദഗതിയാണു് ഉൾക്കൊള്ളിച്ചിട്ടുള്ളതു്.

ഈ നിലയിൽഈ നിയമത്തിന്റെ മുഴുവൻ ചുമതലയും ലാൻഡ് ട്രിബ്യൂണലിനു് വിട്ടുകൊടുത്തിട്ടുണ്ടു്. ലാൻഡ് ട്രിബ്യൂണലിനു് ലാൻഡ് റവന്യു ആഫീസറുടെ

LIBRARY ARCHIVES Kerala Legislative Assembly

വരത്തക്കരീതിയിൽ ഭേദഗതി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനും എതിർപ്പ് വന്നിട്ടുണ്ട്. പക്ഷേ നിയമത്തിന്റെ തലനാരിഴ നോക്കി വ്യാഖ്യാനിക്കണമെന്നു് ഈ നിയമത്തെപ്പറ്റി എനിക്ക അഭിപ്രായമില്ല. പ്രായോഗികമായി നിയമം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗങ്ങളാണു് നോക്കേണ്ടതു്. മലബാർ കുടിയായ്മ നിയമം നടപ്പിലാക്കാനാണെങ്കിൽ അവിടത്തേതായ ചട്ടങ്ങളുണ്ടു്. ഞാൻ ലാൻഡ് റവന്യു ഓഫീസറന്മാരുടെ കാര്യം പറയുമ്പോഴും ഇവരുടെതീരുമാനം എപ്പോഴും കുടിയാനു അനുകൂലമായിരിയ്ക്കുമെന്നൊന്നും വിചാരിക്കേണ്ടതില്ല. എങ്കിലും ആ നിർദ്ദേശം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു് നിയമം വേഗംനടപ്പിലാക്കാനാണു്. പ്രത്യേകിച്ചും കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശത്തിന്റെ ഒരു ഭാഗമാണിതു്. ഇതിനെ സംബന്ധിച്ചിടത്തോളം കേന്ദ്രമന്ത്രി ശ്രീ. ജഗജ്ജീവൻറാം പേഴ്സണലായി Chief Minister-ക്കു് എഴുതിയിട്ടുണ്ടു്; ഇക്കാര്യംകൂടി ഉൾക്കൊള്ളിച്ചുകൊണ്ടു് ആവശ്യമായ മാറ്റം വരുത്തിയാലെന്താണെന്നു്, കേന്ദ്രഗവണ്മെന്റിന്റെ അഭിപ്രായവുംകൂടി ആദരിച്ചും പ്രായോഗികമായവിധത്തിൽ സംഗതികളെ നോക്കിക്കണ്ടും ആണു് ആവശ്യമായ ഭേദഗതികളും വരുത്തിയിട്ടുള്ളതു്. ഇതാണു് ഇതിനെ സംബന്ധിച്ചിടത്തോളം പ്രധാനമായി പറയാനുള്ളതു്.

മറ്റൊരുകാര്യം പർച്ചേസ് റൈറ്റ് പ്രയോഗിക്കുമ്പോൾ പർച്ചേസ് ചെയ്യുന്ന ഭൂമികളെ സംബന്ധിച്ചു് അതിന്റെ കോമ്പൻസേഷൻ സ്ലാബ് റേറ്റു് വയ്ക്കുന്നതു് മാറ്റിയിട്ടുണ്ടെന്നുള്ളതാണു് സ്ലാബിന്റെ ഇരുശതമാനമെങ്കിലും കൊടുക്കാമെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിയ്ക്കു് 50 ആണു് ഏറ്റവും കുറവു്. തീർച്ചയായും പകുതി സംഖ്യ പർച്ചേസ് റൈറ്റിന്റെ കോമ്പൻസേഷൻ കിട്ടാൻ മുടക്കം വരികയില്ല. ആ നിലയിലുള്ള സ്ലാബ് റേറ്റു് ഏർപ്പെടുത്തിയിട്ടുണ്ടു്, വളരെ കൂടുതൽ കോമ്പൻസേഷൻ കിട്ടുന്ന വിഭാഗക്കാരെ സംബന്ധിച്ചു് കാർഷിക പരിഷ്കരണം നടപ്പിലാക്കുമ്പോൾ ഏതാണ്ടു് ഒരു പെറിയ സാമൂഹ്യനീതി വരുത്തുകയെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണു് സ്ലാബ് റേറ്റു് ഏർപ്പെടുത്തിയിരിക്കുന്നതു്.

ഇതുപോലുള്ള പല അനാമലികളും ഇല്ലാതാക്കിയിട്ടുണ്ടു്. ആദ്യം ഈ നിയമം ഗവണ്മെന്റു പരിശോധിച്ചുനോക്കി, പിന്നെ കമ്മിറ്റിയുടെ മുമ്പിൽ കൊണ്ടുവന്നു. അതിനുശേഷമാണു് ഇതു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഇതു പാസ്സാകുന്നതോടുകൂടി എല്ലാം ആയി എന്ന അഭിപ്രായം എനിക്കില്ല. കാരണം കുടിയാനെ സംബന്ധിച്ച നിയമമൊക്കെ വരാനുണ്ടു്, കൊച്ചിയിൽ ഇന്നു് കാണക്കുടിയായ്മ നിയമം നിലവിലുണ്ടു്. അതുപോലെ പല നിയമങ്ങളും ഇനിയും പാസ്സാക്കേണ്ടതുണ്ടു്. കാണക്കുടിയാനു് ഈ നിയമപ്രകാരം ലാൻറു് ഹോൾഡർ എന്ന നിർവ്വചനം കൊടുത്തതുകൊണ്ടു് പാട്ടം കുറയുന്നുണ്ടു്. പാട്ടം ഇത്രയെന്നു ക്രിപ്പപ്പെടുത്തിയിരിക്കുകയാണു്. സാധാരണ കൈവശക്കുടിയാൻ ജന്മിക്കു കൊടുക്കേണ്ടതായ പാട്ടം ഇന്നു വളരെ കൂടുതലാണു്. അതു് ഒഴിവാക്കാൻവേണ്ടിയുള്ള നിർവ്വചനം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

സർ, ഈ നിയമത്തിൽ ഇന്നുള്ള ബുദ്ധിമുട്ടുകളും മാറുന്നതിനുവേണ്ടി സെലക്ട് കമ്മിറ്റി പരിശോധിച്ചതിനുശേഷം ചില വകുപ്പുകളും ചേർത്തിട്ടുണ്ടു്. സ്മാൾ ഹോൾഡറെ നശിപ്പിക്കാനാണു് ഗവണ്മെന്റു് ശ്രമിക്കുന്നതെന്ന ചില ആരോപണങ്ങളും ഈ നിയമസഭയിലും പുറത്തും ഉണ്ടായിട്ടുണ്ടു്. അവർക്കു് ചില അവകാശങ്ങളൊക്കെ വേണം. അതനുസരിച്ചു് കുടിയാൻ പരിധിയിൽ കൂടുതൽ ഭൂമിയുള്ള ആളാണെങ്കിൽ സ്മാൾ ഹോൾഡർ ആണെന്നു പറയുന്ന ജന്മിക്കു് ഇത്രവരെ ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുക്കുകയാണു്. ഇന്നു് അവർക്കു് ഒഴിപ്പിക്കാൻ അവകാശമില്ല. മറ്റു പ്രകാരത്തിൽ അവർക്കു് ഇല്ലാതിരുന്ന അവകാശം ഇതിൽ കൊടുത്തിരിക്കുകയാണു്. കുടിയാൻ പരിധിയിൽ കൂടുതൽ ഭൂമിയുള്ള ഒരാളാണെങ്കിൽ കൂടുതലുള്ള ഭൂമിയിൽനിന്നു് ഇത്രവരെ ഒഴിപ്പിച്ചെടുക്കാൻ ചെറുകിട ജന്മിക്കു് ഒരു പ്രത്യേക അവകാശം കൊടുത്തിട്ടുണ്ടു്.

അതുപോലെ ചെറുകിട ജന്മികളെ സംബന്ധിച്ചു് കാമ്പൻസേഷൻ കൊടുക്കുമ്പോൾ സൊളേഷ്യം എന്നുള്ള നിലയിൽ 500 രൂപ കൊടുക്കുന്നതാണു്. റീഹാബി

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ ഫണ്ട് രണ്ടു കോടി രൂപയാണ്. അങ്ങനെ നോക്കുമ്പോൾ ഈ രണ്ടു കോടി രൂപാ പോരാതെവരും. അതിനെസംബന്ധിച്ച ഒരു കണക്കെടുക്കാൻ ഫർപ്പാട്ട ചെയ്തിരിക്കുകയാണ്. അപ്പോൾ 500 രൂപാ സൊളേഷ്യം എന്നുള്ള നിലയിൽ കൊടുക്കാനും അഞ്ഞൂറു രൂപയ്ക്ക് താഴെയാണെ compensation കിട്ടുന്നതെങ്കിൽ കിട്ടുന്ന കാമ്പൻസേഷന്റെ ഇരട്ടി എന്ന നിലയിൽ ചേക്കാനും തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള ഒരു വകുപ്പും ഇതിലുണ്ട്.

സർ, ഈ നിയമം അതിവേഗം നടപ്പിലാക്കണമെന്നുള്ള ആഗ്രഹവും ആശയും ഉള്ളതുകൊണ്ട്, ഒരു നിശ്ചിതകാലപരിധിക്കുള്ളിൽ നടപ്പിലാക്കണമെന്ന ആഗ്രഹം ഗവണ്മെൻറിനുള്ളതുകൊണ്ട മാത്രമാണ് ഇതു നടപ്പിലാക്കുന്നതിനുള്ള ചുമതല ഗവണ്മെൻറിൽ നിക്ഷിപ്തമാക്കിവച്ചിരിക്കുന്നത്. ഇതു നടപ്പിലാക്കാനുള്ള ചുമതല ഗവണ്മെൻറ് ഏറ്റെടുത്തിരിക്കുകയാണ്. മര്യാദപ്പാട്ടം നിശ്ചയിച്ചോ ഇല്ലയോ എന്നൊന്നും നോക്കണ്ട. ഒരു കാലപരിധിക്കുള്ളിൽ വസ്തു എല്ലാം ഗവണ്മെൻറിൽ നിക്ഷിപ്തമാകും. മര്യാദപ്പാട്ടം നിശ്ചയിക്കാനും കക്ഷിയെ വിളിക്കാനുമുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനാണ്. കാലതാമസമുണ്ടാകാതെ ഇരിക്കണമെങ്കിൽ ഇതിന്റെ ആവശ്യമുണ്ട്. കക്ഷിയാരെന്നുതന്നെ ഇതെല്ലാം ഏൽപ്പിച്ചാൽ കാലതാമസമുണ്ടാകും. അതുകൊണ്ട് ആ വാദം ശരിയല്ല. കാലതാമസം ഒഴിവാക്കാൻ തീർച്ചയായും ഗവണ്മെൻറിൽതന്നെ ഈ ഉത്തരവാദിത്വങ്ങൾ ഇരിക്കണം.

ശ്രീ. കെ. കരുണാകരൻ : ഗവണ്മെൻറിൽ നിക്ഷിപ്തമാക്കിയിട്ട് കുടിയാനു കൊടുക്കുന്നതിനുപകരം നേരിട്ടതന്നെ കുടിയാനെ ഏൽപ്പിക്കുന്നതിനു് എന്താണു തടസ്സം ?

ശ്രീമതി കെ. ആർ. ഗൗരി : അതിന്റെ കാര്യം ശ്രീമാൻ കരുണാകരനു് മനസ്സിലായിക്കാണുകയില്ല. കേന്ദ്രഗവണ്മെൻറു് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ ഭാഗമാണ് അതു്. പരിഷ്ക്കരണനിയമം നടപ്പിലാക്കാൻ താമസിച്ചുപോയതുകൊണ്ടും ഇന്നത്തെ സാമൂഹ്യപരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ടും നോക്കുമ്പോൾ ഇതു നടപ്പാക്കാൻ ഗവണ്മെൻറിന്റെ ഇൻറർഫിയറൻസ് ആവശ്യമായിരിക്കുന്നു. ഗവണ്മെൻറിന്റെ മെഷിനറി അതിനു് ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഇതു് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശമാണ്. അതിനുപുറമേ കേന്ദ്രത്തിൽ കാർഷികവകുപ്പു കൈകാര്യം ചെയ്യുന്ന ശ്രീ. ജഗജീവൻറാമിന്റെ എഴുത്തും ഇതുസംബന്ധിച്ചു് ഉണ്ടായിരുന്നു.

ശ്രീ. കെ. കരുണാകരൻ : ഗവണ്മെൻറിൽ വെസ്റ്റു ചെയ്യാതെ കൃഷിക്കാരിൽതന്നെ വെസ്റ്റു ചെയ്തിട്ട് അതു് ഇംപ്ലിമെൻറു ചെയ്യാൻ ഗവണ്മെൻറു് മെഷിനറി ഉപയോഗിക്കാമല്ലോ ?

ശ്രീമതി കെ. ആർ. ഗൗരി : ഗവണ്മെൻറിൽ നിക്ഷിപ്തമാകാതെ കൃഷ്ണക്കാരന്റെ കൈവശം ഇരിക്കുമ്പോൾ കോടതിയിൽ പോയാൽ പിന്നെ ഗവണ്മെൻറിനു് ഇടപെടാൻ പറ്റുകയില്ല. പിന്നെവരുന്ന മെഷിനറി കോടതിയിൽക്കൂടിയാണ്. അതുകൊണ്ട് ഗവണ്മെൻറിന്റെ ഇൻറർഫിയറൻസ് ആവശ്യമാണ്. മര്യാദപ്പാട്ടം നിശ്ചയിക്കുക, പ്രതിഫലം കൊടുക്കുക, പ്രതിഫലം നിശ്ചയിക്കുക, നിയമം നടപ്പിലാക്കുക ഇതെല്ലാം ഇപ്പോൾ ഗവണ്മെൻറു് ഏറ്റെടുത്തിരിക്കുകയാണ്. കാരണം ഈ നിയമം നടപ്പിലാക്കാൻ 22 വർഷക്കാലത്തെ താമസമുണ്ടായി. അപ്പോൾ ഇതു നടപ്പാക്കാൻ ഗവണ്മെൻറു് മെഷിനറിതന്നെ ഉപയോഗിക്കണം. അങ്ങനെ വരുമ്പോൾ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുകയില്ല. ബുദ്ധിമുട്ടുകളുണ്ടായാൽ അതു് പരിഹരിക്കണം. അതിനുപുറമേ, ഈ നിയമം നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം ഗവണ്മെൻറു് ഏറ്റെടുത്തതിനുപുറമേ ആവശ്യമെന്നുകണ്ടാൽ കുടിയാനും കുടികിടപ്പുകാരനും നിയമസഹായം, ലീഗൽ അസിസ്റ്റൻസ് കിട്ടാനുള്ള സൗകര്യംകൂടി ഉണ്ടാക്കണം. ഇതാണ് ഇതുസംബന്ധിച്ച ഗവണ്മെൻറിന്റെ അഭിപ്രായം. സെലക്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയുടെ അഭിപ്രായവും ഇതാണു്. ഈ കാര്യത്തിൽ തികഞ്ഞ അസഹിഷ്ണുതയാണു് ഞാൻ സെലക്ട്കമ്മിറ്റിഅംഗങ്ങളിൽ കണ്ടതു്. ഇത്രകൊല്ലം എന്തു പറഞ്ഞില്ലെങ്കിൽ ഇതു നീണ്ടുപോകുമെന്നാണു് അവർ പറയുന്നതു്. അതുകൊണ്ടു് അതു ചേർത്തിട്ടുണ്ടു്. ഇതാണു് പ്രധാനമായ ഭേദഗതികൾ. ഈ ഭേദഗതികളെ സംബന്ധിച്ചു് എന്താണു് വിശദമായിത്തന്നെ ഇതിൽ പറഞ്ഞിട്ടുണ്ടു്. അതിൽ ചില പ്രധാനപ്പെട്ട ഭേദഗതികളെക്കുറിച്ചും അതിന്റെ ഉള്ളടക്കത്തെക്കുറിച്ചും ഞാൻ എന്തൊക്കെ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇനി ഞാൻ ആദ്യം പറഞ്ഞ വസ്തുതയിലേക്കുതന്നെ വരികയാണു്.

സർ, ഈ നിയമം നടപ്പിൽ വരാൻ വളരെ താമസിച്ചുപോയി. അതിന്റെ കാരണങ്ങൾ ഈ സഭയിൽത്തന്നെ ഞാൻ പലതവണ പറഞ്ഞിട്ടുണ്ടു്. ഈ ഐക്യമുന്നണിഗവണ്മെന്റു് അധികാരത്തിൽ വരുന്ന സമയത്തു് ഇവിടെ നിലനിന്നിരുന്ന സ്ഥിതിവിശേഷം നാം കണക്കിലെടുക്കേണ്ടതാണു്. വെറും രണ്ടു ദിവസത്തേക്കുള്ള അരി മാത്രം നമ്മെ ഏൽപ്പിച്ചുകൊണ്ടാണു് അന്നത്തെ പ്രസിഡൻറ്ഭരണം ഒഴിഞ്ഞുപോയതു്. എന്താണു് അയ്യായിരം ടൺ അരി, ഐക്യമുന്നണിഗവണ്മെന്റു് അധികാരത്തിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന പ്രത്യേകതകൊണ്ടോ എന്തോ അവർ ലെവി എടുത്തിരുന്നില്ല. അതുകാരണം, അധികാരമേറ്റ ഉടനെ ലെവിയെടുക്കാനുള്ള ഒരു സമരംതന്നെ നടത്തേണ്ടിവന്നു. ഈ ഗവണ്മെന്റു് ലെവിയെടുക്കുന്നതിൽ ഉറച്ചുനിൽക്കുകയാണു്. കൂടുതൽ ലെവിയെടുക്കുന്നതിനും നമ്മുടെ നാട്ടിലെ ജനങ്ങളെ പട്ടിണിക്കിടാതിരിക്കുന്നതിനും ആവശ്യമായിട്ടുള്ള കൺട്രോളിംഗ് ആർഡറുകളും റിക്വിസിഷൻ ആർഡറുകളും ഗവണ്മെന്റു് ഇറക്കിയിട്ടുണ്ടു്. കണ്ടമാനം കേസ്സുകളും ഈ ആർഡറുകളെ ചലഞ്ചു ചെയ്തുകൊണ്ടു് കോടതിയിൽ ഉണ്ടു്. നമുക്കു് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന അരിയുടെ പകുതിയാണു് അന്നു കിട്ടിക്കൊണ്ടിരുന്നതു്. ക്ഷ്യപ്രശ്നകാര്യത്തിൽ ഈ സഭ കൂടുതൽ സമയം ചെലവഴിച്ചിട്ടുണ്ടു്. പുറംമാർക്കറ്റിൽ അരിവില കുതിച്ചുകയറുന്നതിനെപ്പറ്റി നിരവധി പരാതികളുണ്ടായിരുന്നു. അങ്ങനെ ഗവണ്മെന്റിന്റെ എല്ലാ കഴിവുകളും ഈ ക്ഷ്യപ്രശ്നപരിഹാരത്തിനായി വിനിയോഗിക്കേണ്ടിവന്നു. അതുകൊണ്ടു് ആദ്യകാലത്തു് bill draft ചെയ്യാൻ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും വിട്ടുപോയ കുടിയാന്മാരെ കുടിയാനായി അംഗീകരിച്ചു; കുടികിടപ്പുകാരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചു. പാട്ടക്കുടിശ്ശിക പിരിവു് stay ചെയ്തു. Stay of Eviction Act 1967 June-ൽ പാസാക്കി നടപ്പിൽ വരുത്തി. കുടിയാനു് സംരക്ഷണം നൽകി. നിയമം draft ചെയ്യാൻ എല്ലാ പാർട്ടികളും അടങ്ങുന്ന കമ്മിറ്റി October-ൽ ഉണ്ടാക്കി. കമ്മിറ്റിയുമായി ചർച്ച നടത്തി നിയമം draft ചെയ്തു് അവതരിപ്പിച്ചപ്പോഴേക്കും August 1968 ആയി. ആ നിയമത്തിൽ എനിക്കുതായിട്ടുള്ള കാൺടിബ്യൂഷനും ഉണ്ടായിരിക്കണമെന്നു് എനിക്കാഗ്രഹമുണ്ടായിരുന്നു. അതിനുള്ള സമയം വേണ്ടിയിരുന്നു. പണ്ടാണെങ്കിൽ അരിയുടെ പ്രശ്നത്തിനുപരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതിനിടയിൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങളും കിട്ടാനും അതും മറ്റു ആവശ്യമുള്ള ഭേദഗതികളും കോടതിവിധി നോക്കി വേണ്ട നിയമം ഉണ്ടാക്കുന്നതിനു് അല്പം താമസം വന്നു. അക്ഷന്തവ്യമല്ല. ജനങ്ങൾ പക്ഷേ ഇനി താമസിപ്പിച്ചാൽ ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെയൊക്കെയാണെങ്കിലും ഈ നിയമം 1968 ആഗസ്റ്റു് 19-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ചു. ആഗസ്റ്റു് മാസം 14-ാം തീയതി ഈ നിയമത്തിനു് അവതരണാനുമതി തരണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് കേന്ദ്രത്തിനു് എഴുതി. അനുമതി കിട്ടിയതു് 10-4-1969-ലാണു്. എന്നിട്ടും ശ്രീമാൻ കരുണാകരനടക്കം ചിലർ പറയുന്നതു കേട്ടപ്പോൾ എനിക്കു ദുഃഖം തോന്നുകയാണു്. കാർഷികപരിഷ്കരണനിയമം നടപ്പാക്കുന്നതിനു് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയും റവന്യൂമന്ത്രിയും എതിരാണെന്നാണു് ശ്രീമാൻ ടി. ഒ. ബാവയെപ്പോലുള്ളവർ പ്രസംഗിക്കുന്നതു്. അരിയും തിന്നു ആശാരിച്ചിയെയും കിട്ടിച്ചു് എന്നിട്ടും പട്ടിക്കാണു് മുറുമുറുപ്പു്. കേന്ദ്രത്തിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

അവതരണാനുമതി കിട്ടിയതു് 10-4-1969-ലാണു്. അതു് താമസിപ്പിച്ചതിനു് ഇവിടത്തെ കോൺഗ്രസ്സിനും ഉത്തരവാദിത്വമുണ്ടു്.

ശ്രീ. കെ. കരുണാകരൻ : ഈ അരിക്കച്ചവടത്തിൽ മുഴുകിക്കഴിഞ്ഞിരുന്ന അവസരത്തിൽതന്നെ ഇവിടെ മറ്റു പല കാര്യങ്ങളും നടന്നിട്ടുണ്ടു്. എഴുതി തയ്യാറാക്കുന്ന നിയമത്തിൽ തെറ്റുണ്ടോയെന്നു് മിനിസ്റ്റർ പരിശോധിച്ചിൽ പോരെ, അതോ മിനിസ്റ്റർതന്നെയാണോ നിയമം എഴുതി ഉണ്ടാക്കുന്നതു്...

ശ്രീമതി കെ. ആർ. ഗൗരി : എനിക്കു് ചില ദൗർബല്യങ്ങളുണ്ടെന്നു് ഞാൻ പറഞ്ഞല്ലോ. നിയമം എഴുതിയുണ്ടാക്കുന്നതു് മന്ത്രിയല്ല. പക്ഷെ, അതിനും ആവശ്യമായ നിർദ്ദേശം കൊടുക്കണം, ചർച്ചചെയ്യണം, കൂട്ടായിട്ടിരുന്നു വായിക്കണം. അങ്ങനെ പരിശോധിക്കാതെ ഇവിടെ കൊണ്ടുവന്നാൽ പലവിധത്തിലുള്ള വിമർശനങ്ങളുമുണ്ടാകും. ഈ നിയമസഭയിലെ കഴിഞ്ഞകാല അനുഭവങ്ങളാണു്. അപ്പോഴും മന്ത്രിയിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുവേണ്ടിയായിൽപോലും നിയമം ഉണ്ടാക്കുന്നതിനു് മന്ത്രിയുടെ കഴിവും സമയവും ആവശ്യമാണു്. നിയമങ്ങൾക്കും നയങ്ങൾക്കും അനുസരണമായതാണോ എന്നു് നോക്കണം. അപ്പോഴും താമസിച്ചതിനുള്ള കാരണങ്ങളും ഇതെല്ലാമാണു്. 14-8-68 ലാണു് കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിക്കുവേണ്ടി ഈ നിയമം അയച്ചതു്. അവതരണാനുമതിക്കുവേണ്ടി പല പ്രാവശ്യം ഡൽഹിയിൽ പോകേണ്ടിവന്നിട്ടുണ്ടു്. വളരെ ദീർഘമായിട്ടുള്ള എഴുത്തുകുത്തുകളും നടത്തേണ്ടിവന്നിട്ടുണ്ടു്. വളരെ ദീർഘമായ ചർച്ചകളും നടത്തേണ്ടിവന്നിട്ടുണ്ടു്. പക്ഷെ, ഇങ്ങനെയൊക്കെയാണെങ്കിലും ഈ നിയമത്തിന്റെ അന്തഃസത്തയെപ്പോലും നശിപ്പിക്കത്തക്കനിലയിലുള്ള ഭേദഗതികളും നിർണ്ണയിച്ചുകൊണ്ടാണു് അവതരണാനുമതി അവർ ആദ്യം തന്നതു്. പരിധി നിശ്ചയിക്കുന്നതു് ഭരണഘടനാവിരുദ്ധമാണു്, മര്യാദപ്പാട്ടം പാടില്ല, കുടികിടപ്പുകാരനുള്ള അവകാശം പാടില്ല, എന്നൊക്കെയാണു് നിർദ്ദേശം. പരിധി നിശ്ചയിക്കുന്നതുകൊണ്ടു് എന്തു് പോർട്ടാണു് പോകുന്നതു്, നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ അതു ബാധിക്കും. എന്നൊക്കെയാണു് പറയുന്നതു്. പ്ലാന്റേഷൻ എന്നു പറയുന്ന പതിനായിരം ഏക്കറിൽ 2500 ഏക്കർ തരിശിടാം എന്നൊക്കെയാണു് പറയുന്നതു്. അങ്ങനെ ഈ നിയമത്തിന്റെ അന്തഃസത്തയെത്തന്നെ നശിപ്പിക്കുന്ന വിധത്തിലുള്ള നിർദ്ദേശങ്ങളോടുകൂടിയാണു് തിരിച്ചയച്ചതു്.

ശ്രീ. കെ. കരുണാകരൻ : പരിധി നിശ്ചയിക്കുന്നതും മര്യാദപ്പാട്ടം നിശ്ചയിക്കുന്നതും ഭരണഘടനാവിരുദ്ധമാണെന്നു് പറഞ്ഞുകൊണ്ടു് കേന്ദ്രം എഴുതിയ കത്തു് ഇപ്പോൾ മേശപ്പുറത്തുവയ്ക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : മേശപ്പുറത്തു വച്ചേതീരൂ എന്നുണ്ടെങ്കിൽ വയ്ക്കാൻ വിരോധമൊന്നുമില്ല. കേന്ദ്രഗവണ്മെന്റു് എഴുതി അയച്ച കത്തു് ഞാൻ വായിച്ചു കേൾപ്പിച്ചതാണു്. സെലക്ടുകമ്മിറ്റിയിൽ ശ്രീമാൻ കരുണാകരനും ഒരു മെമ്പറാണു്. അദ്ദേഹത്തോടു് നമുക്കു് ഈ കാര്യത്തിൽ ഒന്നിച്ചു പൈറവചെയ്യാമെന്നു പറഞ്ഞിരുന്നു. ശ്രീ. കരുണാകരൻ Congress ന്റെ role, അതായതു് കാർഷികപരിഷ്കരണം നടപ്പിലാകാതിരിക്കാനുള്ള റോൾ നോക്കും. പക്ഷെ, നമ്മുടെ വലതുകമ്മ്യൂണിസ്റ്റു് സഹോദരന്മാർക്കു് Congress നെ രക്ഷിക്കാൻ ഇത്ര ധൃതികാണുമ്പോൾ എന്തോ പന്തികേടു തോന്നുന്നു. നിയമംവച്ചു താമസിപ്പിച്ച കേന്ദ്ര കോൺഗ്രസ്സിന്റെ നയത്തിൽ അവർക്കു പ്രതിഷേധമില്ല. Congress നു് ഒപ്പം റവന്യൂമന്ത്രി കുറക്കാരിയാണെന്നു് ഓളിയിട്ടു കാൺഗ്രസ്സിനെ രക്ഷിക്കുന്നു. ഇതുമാത്രം പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. സെലക്ടുകമ്മിറ്റി റിപ്പോർട്ടു വന്നതിനുശേഷം ശ്രീമാൻ കരുണാകരന്റെ അഭിപ്രായം മാറിക്കാണും. അഭിപ്രായമാറ്റം വന്നോട്ടെ. എങ്കിലും എല്ലാവർക്കും പൊതുവേ സ്വീകാര്യമായ വിധത്തിലാണു് ഇതു് സെലക്ടുകമ്മിറ്റി റിപ്പോർട്ടുചെയ്തിട്ടുള്ളതു്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതു് വളരെ മുമ്പേ കൊണ്ടുവരേണ്ട ഒരു നിയമമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനപ്രതിഫലംകൂടാതെ പാസ്സാക്കണമെന്നുള്ള അഭിപ്രായംവരെ ആദ്യകാലത്തു് പലക്കും ഉണ്ടായിരുന്നു. എങ്കിലും ഈ നിയമം അവതരിപ്പിക്കുന്ന അവസരത്തിൽ പ്രതിഫലം കൊടുത്തു് ജന്മിത്വം അവസാനിപ്പിക്കാമെന്നു് പറഞ്ഞിരുന്നു. കാരണം, ഒരു പക്ഷേ, ഞാൻ ആഗ്രഹിച്ചാലും പ്രതിഫലം കൊടുക്കാതെ ജന്മിത്വം അവസാനിപ്പിക്കാൻ സാധിക്കുകയില്ല. ഇതു് വളരെവേഗം നടപ്പാക്കേണ്ട ഒരു നിയമമാണെന്നു് ഞാൻ നേരത്തെ പറഞ്ഞു. വളരെക്കാലം വിദേശാധിപത്യത്തിൽ കഴിഞ്ഞു് പല വിധത്തിലുള്ള ചൂഷണത്തിനും വിധേയമായി ഒടുവിൽ സ്വാതന്ത്ര്യം കിട്ടിയതിനശേഷം ഭൂമിയിലുള്ള കൈവശാവകാശം കൈമാറ്റം ചെയ്യുന്നതു് ഇതാദ്യമാണു്. ഇതുപോലുള്ള നിയമങ്ങളം നടപ്പിലാക്കുന്നതു് സാമൂഹ്യനീതിക്കുവേണ്ടി മാത്രമല്ല, ആളുകളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിനും വ്യവസായവൽക്കരണത്തിനു് വേഗത വർദ്ധിപ്പിക്കുന്നതിനും ആവശ്യമാണു്. അപ്പോഴും ഇതു് വേഗം നടപ്പിലാക്കേണ്ടതു് വളരെ അത്യാവശ്യമാണു്. അതു് മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടിയുടേയോ, സി. പി. ഐ യുടേയോ—പലതു കമ്മ്യൂണിസ്റ്റു് പാർട്ടിയെന്നു പറയരുതെന്നു സ്പീക്കർ റൂം ചെയ്തതുകൊണ്ടു് ഞാൻ അതു പറയുന്നില്ല. മുസ്ലീംലീഗിന്റെയോ മാത്രം ആവശ്യമല്ല. നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങളുടേയും ആവശ്യമാണു്. അതുകൊണ്ടു് സാമൂഹ്യനീതി കൈവരുത്തുന്നതിനും കർഷകരുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിനും ഈ നാട്ടിൽ കൂടുതൽ വ്യവസായങ്ങളം ആരംഭിക്കുന്നതിനും വേണ്ടി ഈ ബിൽ പാസ്സാക്കിത്തരണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഇതിന്റെ സെലക്ടുകമ്മിറ്റി റിപ്പോർട്ടു് നിയമസഭയുടെ പരിഗണനയ്ക്കായി അർപ്പിക്കുകയാണു്.

IX. RESOLUTION

Felicitations to Shri V. V. GIRI ON HIS ELECTION AS PRESIDENT

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ റസല്യൂഷൻ മൂവ്ചെയ്യണം.

ശ്രീമതി കെ. ആർ. ഗൗരി : "ഇൻഡ്യയുടെ നാലാമത്തെ രാഷ്ട്രപതിയായി ശ്രീമാൻ വി. വി. ഗിരി തെരഞ്ഞെടുക്കപ്പെട്ടതിൽ ഈ സഭ ഏറ്റവുമധികം സന്തോഷിക്കുന്നു. അഭിമാനാർഹമായ ഈ വിജയത്തിൽ ഈ സഭയുടെ അകംനിറഞ്ഞ അനുമോദനം രേഖപ്പെടുത്തുന്നു".

ഗതാഗതമന്ത്രി (ശ്രീ.ഇ.കെ. ഇമ്പിച്ചിബാവ) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

The Resolution was adopted.

Mr. Speaker : The House will now adjourn and meet again at 8.00 a. m. tomorrow.

The Assembly adjourned at 1.05 p. m. to meet again at 8 a. m. on Friday, the 22nd August, 1969.

LIBRARY ARCHIVES Kerala Legislative Assembly